# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ലക്ഷ്യമായ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന ഗവ. എൽ.പി. സ്കൂളിനെ ലക്ഷ്യമിടുന്ന ഉദ്ദേശത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 തയ്യാറാക്കിയത്. ഇതിനായി സ്കൂൾ ആദ്യഘട്ടത്തിൽ തന്നെ S.R.G. യോഗങ്ങളും വ്യത്യസ്ത വിഷയങ്ങളിൽ പഠനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. തുടർന്ന് ഓരോ വിഷയങ്ങളിലും ക്ലാസ് പഠനങ്ങൾ മികവുറ്റതാക്കുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തുകയും അവർ തയ്യാറാക്കിയ പദ്ധതികൾ വീണ്ടും S.R.G. യിൽ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും നടത്തി. പദ്ധതികൾ P.T.A യിൽ അവതരിപ്പിക്കുകയും ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തുകൊണ്ട് മലയാളം, ഇംഗ്ലീഷ്, അറബിക് എന്നീ ഭാഷാകളിലും ഗണിതം, പരിസരപഠനം, സ്കൂൾ ക്ലബ്ബുകൾ, ഡിജിറ്റൽ, ലൈബ്രറി, ഉൾച്ചേർന്ന വിദ്യാഭ്യാസം എന്നീ വിഷയങ്ങൾക്കും പരിഹാരബോധനത്തിനും ഊന്നൽ നൽകി അക്കാദമിക മാസ്റ്റർ പ്ലാൻ പൂർത്തിയാക്കി.

Scanned with OKEN Scanner

# ചരിത്രം

1998-ൽ പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പിന്നോക്ക മേഖലയായ പാലുക്കുന്നിൽ ജൂൺ 1-ാം തീയതി DPEP വിദ്യാലയമായി ആരംഭിച്ചതാണ് പാലുകുന്ന് ഗവ എൽ.പി സ്കൂൾ. 1998-99 കാലഘട്ടത്തിൽ ഒന്നാം ക്ലാസുമായി ആരംഭിച്ച വിദ്യാലയം 2001, 2002 ൽ 4-ാം ക്ലാസ് വരെ വളർന്നു. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കമായ [illegible] ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് ജീവിക്കുന്നവരാണ്.

2012-ൽ വിദ്യാലയത്തിൽ പി.ടി.എയുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിച്ചു.

2013-14 അധ്യയന വർഷത്തിൽ 61 കുട്ടികൾ പഠിച്ചിരുന്നതിൽ നിന്ന് 2017-18 വർഷത്തിൽ കുട്ടികളുടെ എണ്ണം 112 ആയും കൂടുതൽ വർഷങ്ങളിൽ 150 വരെയും വർധിച്ചു. നിലവിൽ വിദ്യാലയത്തിൽ പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസുവരെ 88 കുട്ടികൾ അധ്യയനം നടത്തുന്നു. ഇതിൽ കുട്ടികൾ ST വിഭാഗത്തിൽ പെട്ടവരാണ്

| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | വിദ്യാലയ ചരിത്രം | 1 |
| 2 | ആമുഖം | 2 |
| 3 | Improve capasity in English with [HISE] and RIIE | 3 to 5 |
| 4 | വായനാ ദിനം | 6 to 9 |
| 5 | ലൈബ്രറി | 10 to 11 |
| 6 | [illegible] | 12 to 13 |
| 7 | [illegible] | 14 to 17 |
| 8 | [illegible] | 18 to 20 |
| 9 | [illegible] | 21 to 22 |
| 10 | [illegible] | 23 to 30 |


Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

ജി.എൽ.പി.എസ്. പാലുകുന്ന്

പദ്ധതിയുടെ പേര്

Improve Capacity in English with NISE and RISE

ആമുഖം

കുട്ടികൾക്ക് ഇംഗ്ലീഷിൽ LSRW മേഖലകളിൽ അധിക പ്രവർത്തനങ്ങളും, പരിഹാരപ്രവർത്തനങ്ങളും, നൈപുണികളും വളർത്തുന്നതിനായി മുൻകാലങ്ങളിൽ നടപ്പിലാക്കിയ NISE, RISE എന്നീ പദ്ധതികളുടെ Module ഉപയോഗിച്ച് Pre-Primary മുതൽ 4-10 ക്ലാസുവരെ നടക്കുന്ന പദ്ധതിയാണ് ICE

ലക്ഷ്യങ്ങൾ

1. എല്ലാകുട്ടികളെയും ഇംഗ്ലീഷ് സംസാരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.
2. നിത്യജീവിതത്തിൽ സാധാരണയായി ഉപയോഗിക്കുന്ന വാക്യങ്ങൾ സ്വായത്തമാക്കുക, പ്രയോഗിക്കുക.
3. ക്ലാസ്മുറികളിൽ ഇംഗ്ലീഷ് അന്തരീക്ഷം ഒരുക്കുക.
4. വസ്തുക്കളുടെ, ജീവികളുടെ, പൂക്കളുടെ, പഴങ്ങളുടെ പേരുകൾ പറയുന്നതിനും, എഴുതുന്നതിനും, വായിക്കുന്നതിനും അവസരമൊരുക്കുക.
5. LSRW മേഖലകളിൽ കൂടുതൽ പ്രവർത്തനങ്ങൾ നൽകുക
6. ആത്മവിശ്വാസം വർദ്ധിപ്പിക്കുക.

ആവശ്യമായ സാമഗ്രികൾ

- Module - RISE, NISE
- ചിത്രകാർഡുകൾ, പദകാർഡുകൾ, ചിത്രങ്ങൾ
- Action കാർഡുകൾ, ICT, Rhymes അടങ്ങിയകാർഡുകൾ
- വാക്യങ്ങൾ, സ്റ്റിക്കറുകൾ

കാലയളവ്

അക്കാദമികവർഷം (June to March)

പ്രവർത്തനക്രമം

- SRG ചർച്ച ചെയ്ത് എല്ലാ ക്ലാസുകളിലും ഇംഗ്ലീഷ് കോർണറും ഒരുക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ നടത്തുന്നു. English Letters, Word cards, picture cards, pictures, sentence cards, ഇവ ക്ലാസ്തലത്തിൽ ആവശ്യങ്ങൾക്കായും, പ്രദർശിപ്പിക്കുകയും, പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ Roleplay, conversation തുടങ്ങിയവയിൽ അവതരിപ്പിക്കുകയും പരിശീലനം നൽകുകയും പ്രയോഗിക്കുകയും ചെയ്യുന്നു. ICT സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും Rhymes, stories പരിചയപ്പെടുത്തുകയും അവതരിപ്പിക്കുകയും സ്വായത്തമാക്കുകയും ചെയ്യുന്നു.
- ക്ലാസ്, സ്കൂൾ തലത്തിൽ English Meet സംഘടിപ്പിക്കുന്നു.
- NISE, RISE Module പ്രയോജനപ്പെടുത്തുന്നു.
- ഓരോ മാസവും വിലയിരുത്തൽ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ നടത്തുകയും കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കൾക്ക് തിരിച്ചറിയാൻ English Fest സംഘടിപ്പിക്കുകയും ചെയ്യുന്നു.

| SL NO | പ്രവർത്തനങ്ങൾ | കാലയളവ് | ആവശ്യമായ സാമഗ്രികൾ | ഉത്തരവാദി | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | English ഭാഷാ-നിലവാരം ഉയർത്തൽ | June-July | അക്ഷരകാർഡുകൾ, പിക്ചർകാർഡുകൾ, ചാർട്ടുകൾ | HM | PTA | |
| 2 | Module ഒരുക്കൽ | June-July | ICT, മൊബൈലുകൾ | Teaches | SSK | |
| 3 | classroom പ്രവർത്തനങ്ങൾ | June-February | Rhymes-Skits | PTA | | 5000 |
| 4 | english Meets | Every Month | Modules story | | | |
| 5 | school Fest | March | Discourses .... etc.. | | | |

# മലയാള മധുരം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം. മികവ് എന്നാൽ അക്കാദമിക മികവാണ്. ഇതിനെ അടിസ്ഥാനമാക്കി വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനുമുള്ള പ്രാപ്തി കൈവരുത്തുന്ന ഒരു പരിപാടിയാണ് മലയാള മധുരം.

## പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.

ആശയഗ്രഹണ വായന ഉറപ്പാക്കുന്നതിന്

ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ എല്ലാ കുട്ടികളും സന്ദർഭത്തിനനുസരിച്ച് സ്വന്തം ആശയങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുന്നതിന്.

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നതിന്.

ഭാഷാ പ്രവർത്തനങ്ങൾ വൈവിധ്യവും ആസ്വാദ്യകരവുമായി അവതരിപ്പിക്കുന്നതിന്

## മുന്നൊരുക്കം

പ്രീ-ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുമുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നു.

C.P.T.A നടത്തി കുട്ടികളുടെ നിലവിലുള്ള അവസ്ഥ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. അവരുടെ പിന്തുണ ഉറപ്പാക്കുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | സാമഗ്രികൾ | പിന്തുണ | |
|---|---|---|---|---|
| ചിത്രകാർഡുകൾ നൽകൽ വായനസാമഗ്രികൾ നിർമ്മിക്കൽ, ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ, മൊഴിമധുരത്തിലെ പ്രവർത്തനങ്ങൾ പരിചയപ്പെടൽ | ജൂൺ | ചാർട്ട്<br>ന്യൂസ്പ്രിന്റ്<br>ക്രയോൺസ്<br>ചിത്രചാർട്ട്<br>ചിത്രകാർഡുകൾ | H.M<br>രക്ഷിതാക്കൾ<br>പി.ടി.എ<br>S.S.A | 20,000 |
| കുട്ടിക്കഥകൾ, കവിതകൾ കേൾപ്പിക്കൽ, സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി ഒരുക്കൽ, സംയുക്തഡയറി എഴുതൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും ലേഖനത്തിന്റെയും സാധ്യത ഉറപ്പാക്കൽ | ജൂലൈ | സ്കെച്ച്<br>സ്റ്റാപ്ലർ<br>[illegible] | | |
| ചിത്രം നോക്കി ലഘുവിവരണം തയ്യാറാക്കൽ, കഥാചാർട്ട് നോക്കി കഥ പറയൽ, കഥ എഴുതൽ, റീഡേഴ്സ് തിയേറ്റർ, സർഗ്ഗാത്മക ഡയറി എഴുതൽ | ആഗസ്റ്റ് | ന്യൂസ്പ്രിന്റ് | | |
| വായിച്ച കഥയിൽ നിന്ന് സംഭാഷണം എഴുതൽ, കഥയെ ചിത്രങ്ങളാക്കുക, കടങ്കഥാനിർമ്മാണം, കഥ വായിച്ച് ചോദ്യനിർമ്മാണം, പാട്ടുകൾ. | സെപ്തംബർ | ന്യൂസ്പ്രിന്റ് | | |

| | | | | |
|---|---|---|---|---|
| മാപൂരണം, പദ<br>ക്കം പൂർത്തിയാക്കൽ,<br>സ് പത്രം തയാറാ-<br>ൽ, വായിച്ച കഥാരംഗ-<br>ൾ അവതരിപ്പിക്കൽ,<br>യറക്ക് | ഒക്ടോബർ | ന്യൂസ്പ്രിന്റ് | | |
| യനക്കാർഡുകൾ തയാ-<br>ക്കൽ, വിവരണങ്ങൾ<br>എഴുതൽ, കവിതാപൂര-<br>ണം, നോട്ടീസ് തയാറാ-<br>ക്കൽ, കവിത വായിച്ച്<br>ആസ്വാദനക്കുറിപ്പ് തയാ-<br>ക്കൽ, ആൽബം തയാറാക്കൽ. | നവംബർ | ചാർട്ട് | | |
| പോസ്റ്ററുകൾ തയാറാ-<br>ക്കൽ, അറിയിപ്പുകൾ<br>തയാറാക്കൽ, ക്ഷണ-<br>ങ്ങളെഴുതൽ, ക്ഷണ<br>ത്തു നിർമ്മാണം | ഡിസംബർ | ന്യൂസ്പ്രിന്റ് | | |
| സ് ലൈബ്രറി<br>ക്കമാക്കൽ, കഥ<br>യിച്ച് ആസ്വാദന<br>റിപ്പ് തയാറാക്കൽ,<br>ഒരോ കുട്ടിക്കും ഓരോ<br>തിപ്പ്. | ജനുവരി | A4 പേപ്പർ | | |
| കയ്യെഴുത്തുമാസിക<br>യാറാക്കൽ | ഫെബ്രുവരി | | | |
| ണിപ്പുകൾ, കയ്യെ-<br>ത്തുമാസിക, മറ്റു<br>ഠനസാമഗ്രികൾ<br>ദർശനം | മാർച്ച് | | | |

## വിലയിരുത്തൽ

മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.

ചയനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് പ്രവർത്തനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്.

# GLPS Palukunnu 2025-2026

## ലൈബ്രറി

### ആമുഖം

കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനും, സാമൂഹികപരവും വ്യക്തിപരവുമായ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനും ഉതകുന്ന അന്തരീക്ഷം സൃഷ്ടിക്കുകയാണ് വായന ചെയ്യുന്നത്.

### ലക്ഷ്യങ്ങൾ

- വായന പ്രോത്സാഹിപ്പിക്കുക.
- മൂല്യങ്ങൾ വളർത്തിയെടുക്കുക.
- അക്കാദമികപരമായ കാര്യങ്ങളിൽ വളർച്ച നേടിക്കൊടുക.
- രചനാപരമായ നൈപുണികൾ പ്രാധാന്യം നൽകുക.

| Activity | Duration | ഭൗതിക സാഹചര്യങ്ങൾ | പിന്തുണ | |
|---|---|---|---|---|
| 1. വായന മൂല<br>2. സ്കൂൾ ലൈബ്രറി വികസനം<br>3. ബാലസഭയിൽ കുട്ടികളുടെ വായനക്കുറിപ്പ്, സ്വന്തം കഥ, കവിത, ചിത്രങ്ങൾ ഇവ പ്രദർശിപ്പിക്കൽ<br>4. ക്ലാസ് പതിപ്പുകൾ<br>5. അമ്മ വായന | 1 year | | PTA<br>പൂർവ വിദ്യാർത്ഥികൾ<br>അധ്യാപകർ | |

എല്ലാ ക്ലാസ് മുറികളിലും വായനമൂല ഒരുക്കുന്നു. സ്വതന്ത്രമായി പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ സൗകര്യമുള്ള സ്കൂൾ ലൈബ്രറി, സ്കൂളിന് സമീപമുള്ള വായനശാല സന്ദർശനം, എല്ലാവർക്കും വായനശാലയിൽ മെമ്പർഷിപ്പ് എടുക്കൽ, വായനശാലയിൽ നിന്നും പുസ്തകമെടുത്ത് വായിക്കാൻ അവസരം, വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ്, കഥ കവിത ചിത്രങ്ങൾ എന്നിവ തയ്യാറാക്കൽ, സദസ്സിന് മുമ്പിൽ അവതരിപ്പിക്കൽ, CPTA യിൽ അമ്മമാർക്ക് പുസ്തകവിതരണം, പുസ്തകപ്രദർശനം, ഭാഷാക്ലബ് പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് ബാലസഭകളിൽ അവതരണം. ICT വായന അധ്യാപകരുടെ കൃത്യമായ മേൽനോട്ടത്തിൽ നടത്തും.

ചുമതല

ഹെഡ്മാസ്റ്റർ, അധ്യാപകർ

സാമൂഹിക പങ്കാളിത്തം

ലൈബ്രറി കൗൺസിൽ, ക്ലബ് സെന്റർ വായനശാല PTA

നടപ്പിലാക്കൽ 2025-2026

വിലയിരുത്തലുകൾ

വായിച്ച പുസ്തകങ്ങൾ, ആസ്വാദനക്കുറിപ്പ്, സ്വന്തം രചനകൾ, കഥ, കവിത, ചിത്രം തുടങ്ങിയവ ക്ലാസടിസ്ഥാനത്തിൽ നടത്തി മികച്ചവ കണ്ടെത്തുന്നു.

മികച്ച ഉൽപ്പന്നങ്ങളുടെ സ്കൂൾതല ക്രോഡീകരണം, പ്രദർശനം.

## "നിങ്ങൾക്കൊപ്പം ഞങ്ങളും"

## പിന്നോക്കക്കാർക്കുള്ള പിന്തുണ നൽകൽ

പ്രൈമറി ക്ലാസുകളിലെ കുട്ടികളിൽ അക്ഷരങ്ങൾ വ്യക്തമായി തിരിച്ചറിയാൻ കഴിയാത്തവർ, വായിക്കാനും എഴുതുവാനും സാധിക്കാത്തവർ, ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളിൽ കുട്ടികളെ കണ്ടെത്തുവാൻ സാധിച്ചു. പ്രത്യേക പരിഗണനയർഹിക്കുന്ന വിദ്യാർത്ഥികളാണ് ഇവരിൽ അധികവും. അതിനാൽ തന്നെ ചെറിയ ക്ലാസുകളിൽ നിന്നു തന്നെ ഇത്തരം കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനവും അനുയോജ്യമായ പിന്തുണയും നൽകി. അവരെ ക്ലാസ്സ് പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും പഠനത്തിൽ പുരോഗതി കൈവരിക്കുകയും ചെയ്യുക എന്നതാണ് ഇത്തരമൊരു പ്രവർത്തനം നടപ്പിലാക്കുന്നതു വഴി ലക്ഷ്യം വെക്കുന്നത്.

## പ്രവർത്തനത്തിന്റെ ലക്ഷ്യം.

പഠനപിന്നോക്കാവസ്ഥ, മറ്റു പരിമിതിക
എന്നിവ കൃത്യമായി മനസിലാക്കി, ആവശ്യ
പിന്തുണയും, ആവശ്യമെങ്കിൽ വ്യക്തി
ഗത പരിശീലനവും നൽകി, ഓരോ
കുട്ടിയെയും പഠന പുരോഗതി കൈവ
ക്കാൻ പ്രാപ്തരാക്കുന്നതിന്.

## പ്രവർത്തനക്രമം.

* കൃത്യമായ അസെസ്മെന്റ് ടൂൾ ഉപ
ഗിച്ച് ഓരോ കുട്ടിയെയും വ്യക്തിഗതമാ
വിലയിരുത്തുകയും പിന്തുണ ആവശ്യമാ
മേഖല കണ്ടെത്തുകയും ചെയ്യുന്നു.

* പിന്തുണ ആവശ്യമായ മേഖല കണ്ടെ
കയും അനുയോജ്യമായ പഠനോപ
രണങ്ങൾ, പഠന തന്ത്രങ്ങൾ എന്നിവയും
ആവിഷ്കരിക്കുന്നു.

* തയ്യാറാക്കിയ വ്യക്തിഗത പ്ലാൻ പ്രകാരം പരിശീലനം നടപ്പിലാക്കുന്നു.

* മൂന്നുമാസം കൂടുമ്പോൾ വീണ്ടും, അസെസ്മെന്റ് ടൂൾ ഉപയോഗിച്ച് retest നടത്തി കൃത്യമായി ഓരോ കുട്ടിയെയും വിലയിരുത്തുന്നു.

* രണ്ടാം ഘട്ട വിലയിരുത്തലിനു ശേഷം അനുയോജ്യമായ മാറ്റങ്ങളോടു കൂടി പ്രവർത്തനങ്ങൾ തുടരുന്നു.

* അക്കാദമിക വർഷം അവസാന ദിവസങ്ങളിൽ വീണ്ടും റീടെസ്റ്റ് നടത്തി. കുട്ടിയുടെ അതുവരെ ഉണ്ടായ പുരോഗതികൾ വിലയിരുത്തുന്നു. തുടർ പ്രവർത്തനങ്ങൾക്കും പരിശീലനങ്ങൾക്കുമായുള്ള നിർദ്ദേശങ്ങൾ രക്ഷിതാവിനും കുട്ടിക്കും നൽകുന്നു.

# വിലയിരുത്തൽ.

ദിവസംതോറും കുട്ടികളെ വ്യക്തി
അസെസ്മെന്റ് നടത്തി വിലയിരുത്തുന്നു.
കൂടാതെ മാസംതോറും മാർച്ച് മാസം അവസാന
വിലയിരുത്തൽ നടത്തുന്നു.
ചുമതല / പിന്തുണ.

ക്ലാസ്സ് ടീച്ചർ.

# കൃതി ഒ പ്രകൃതി

## ആമുഖം

പ്രപഞ്ചത്തിലെ ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ വസ്തുക്കളെയും പ്രതിഭാസങ്ങളെയും ഉൾക്കൊള്ളുന്ന വളരെ വിശാലമായ പദമാണ് പ്രകൃതി.

പരിസരപഠനത്തിന്റെ മുഖ്യപാഠപുസ്തകം പരിസ്ഥിതി തന്നെയാണ്. പ്രകൃതിയുടെ കൈക്കുമ്പിളിൽ ഒട്ടേറെ വിശേഷങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. കണ്ടും കേട്ടും നിരീക്ഷിച്ചും മാത്രമേ ആ വർണലോകം കീഴടക്കാനാവൂ.

പ്രകൃതി മനുഷ്യന്റെ നിലനിൽപിന് അത്യാവശ്യമാണ്. അതുപോലെ പ്രകൃതിയെ സംരക്ഷിക്കേണ്ടതും പ്രധാനമാണ്. പ്രകൃതി സംരക്ഷണം നാം ഓരോരുത്തരുടെയും കർത്തവ്യവുമാണ്.

സകല ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥ നിലകൊള്ളുന്നത് പ്രകൃതിയെ ആശ്രയിച്ചാണ്. പ്രകൃതിയാണ് ജീവന്റെ ഉറവിടം. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ജീവജാലങ്ങളുടെ മാത്രമല്ല മനുഷ്യന്റെ തന്നെ നിലനിൽപിനെ ഇല്ലാതാക്കുന്നു.

പ്രകൃതിയെ സ്നേഹിച്ച് ആ വിസ്മയലോകത്തെ പരിപാലിച്ച് മുന്നേറാം നമുക്കൊരുമിച്ച് ....

അറിവു നേടാം നമുക്കൊരുമിച്ച് ....

## ലക്ഷ്യങ്ങൾ

- പ്രകൃതിയിൽ നിന്ന് ശാസ്ത്രതത്വങ്ങൾ ഉൾക്കൊള്ളുക.
- പരിസ്ഥിതി സംരക്ഷണമനോഭാവം വളർത്തുക.
- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
- കുട്ടികളിൽ നിരീക്ഷണം, താരതമ്യം, വർഗീകരണം, നിഗമനത്തിലെത്തിച്ചേരൽ തുടങ്ങിയ കഴിവുകൾ വളർത്തൽ.

# പ്രവർത്തന പദ്ധതി

പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ പരിസരത്തിനുവേണ്ടിയുള്ള പഠനമാണ് പരിസരപഠനം. കുട്ടി തന്റെ ചുറ്റുപാടുമായി നിരന്തരം ഇടപെട്ടുകൊണ്ട് ഇന്ദ്രിയ അനുഭവങ്ങളിലൂടെ പ്രകൃതി എന്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് മൂർത്തമായ ആശയങ്ങൾക്കും ചിന്തകൾക്കും പ്രാധാന്യം നൽകുന്നതാണ് പരിസര പഠന പാഠ്യപദ്ധതി.

പ്രകൃതിയിൽ നിന്ന് ശാസ്ത്രതത്വങ്ങൾ ഉൾക്കൊണ്ട് അത് പ്രാവർത്തികമാക്കാനും ശാസ്ത്രപഠനത്തിന്റെ പ്രക്രിയാശേഷികൾ ആർജിക്കുന്നതിനും പ്രകൃതിക്കിണങ്ങിയ ജീവിത രീതികൾ മനസിലാക്കുന്നതിനും കുട്ടികളിൽ നിരീക്ഷണം, താരതമ്യം, വർഗീകരണം തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുന്നതിനും നിഗമനത്തിലെത്തിച്ചേരാനും അവസരം ഒരുക്കുന്നു.

പ്രകൃതിയെ നിരീക്ഷിക്കൽ, ജൈവോദ്യാനം ഒരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടിക്ക് പ്രകൃതിയെ അറിയാനും ആസ്വദിക്കാനും സംരക്ഷിക്കാനും കഴിയുന്നു. അതിലൂടെ മൂല്യങ്ങൾ വളർത്താനും പ്രകൃതിയെക്കുറിച്ചുള്ള കണ്ടെത്തലുകൾ അവതരിപ്പിക്കാനും അവസരം ലഭിക്കുന്നു. പഠനപ്രവർത്തനങ്ങൾ പ്രകൃതിയുമായി ബന്ധപ്പെടുത്തുന്നു. വിലയിരുത്തുന്നു. ഇതിനായി PTA അധ്യാപകർ എന്നിവരുടെ സഹായത്തോടെ കൃതി @ പ്രകൃതി എന്ന പദ്ധതി നടപ്പിലാക്കുന്നു.

| Sl No | Activity | കാലയളവ് | ഭൗതികം | പിന്തുണ | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ജൈവ വൈവിധ്യ സംരക്ഷണം (ജൈവോദ്യാനം) | ജൂൺ 10 ഫെബ്രുവരി | സ്ഥലം ഒരുക്കൽ ചെടികൾ | | | |
| 2. | പ്രകൃതി നടത്തം Field Trip | ജൂൺ10 ഫെബ്രുവരി | | | ക്ലാസ് അധ്യാപകർ | |
| 3. | ആൽബം തയ്യാറാക്കൽ | ആഗസ്റ്റ് 10 ഫെബ്രുവരി | ഇലകൾ മണ്ണ് ചിത്രങ്ങൾ | | ശാസ്ത്ര ക്ലബ് | |
| 4 | ബോധവൽക്കരണ പ്രവർത്തനങ്ങൾ | " | | PTA LSG BRC | | 5000/- |
| 5 | പ്രോജക്ട് വർക്കുകൾ | " | | | | |
| 6. | പ്രകൃതി നിരീക്ഷണം | " | | | | |
| 7 | പരീക്ഷണ പ്രവർത്തനങ്ങൾ | " | പരീക്ഷണ സാമഗ്രികൾ | | | |
| 8 | സെമിനാർ | " | | | | |
| 9 | വിലയിരുത്തൽ | മാർച്ച് | | | | |
| 10 | പ്രദർശനം | മാർച്ച് | | | | |

# സ്കൗട്ട് & ബുൾബുൾ

ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ സ്കൗട്ട് - ഗൈഡ് / ബുൾബുൾ പ്രസ്ഥാനം ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമാണ്. ജാതിമതഭേദമന്യേ പ്രസ്ഥാനത്തിന്റെ വാതിൽ എല്ലാവർക്ക് മുമ്പിലും തുറന്നുവെച്ചിരിക്കുന്നു.

തത്വങ്ങൾ

1. ദൈവത്തോടുള്ള കടമ
2. മറ്റുള്ളവരോടുള്ള കടമ
3. സ്വന്തത്തോടുള്ള കടമ

ലക്ഷ്യങ്ങൾ

കുട്ടികളെ അവരുടെ പൂർണ്ണമായ ശാരീരിക ബൗദ്ധിക വൈകാരിക, സാമൂഹിക, ആത്മീയ വളർച്ച നേടാൻ പ്രാപ്തരാക്കുന്നതിലൂടെ ഉത്തരവാദിത്തമുള്ള പൗരൻമാരാക്കി മാറ്റി സമൂഹത്തിനും രാജ്യത്തിനും സംഭാവന നൽകുന്നു.

സാമഗ്രികൾ

യൂണിഫോം, ലോഗ് ബുക്ക്, ഗ്രൂപ്പ് റെക്കോർഡ് ബുക്ക്, ആവശ്യമായ പരിശീലന സഹായ വസ്തുക്കൾ
ICT, നോട്ട് പുസ്തകം

## പ്രവർത്തന ക്രമം

പരിശീലന കാലയളവിൽ ലഭിച്ച മൊഡ്യൂൾ SRG യിൽ ചർച്ച ചെയ്ത് ആവശ്യമായ കുട്ടികളെ തിരഞ്ഞെടുത്ത് ആഴ്ചയിൽ അവർക്ക് പരിശീലനം നൽകുന്നു. ഏകദേശം 33 മാസമാണ് പരിശീലന കാലയളവ്. മികച്ച പ്രകടനം നടത്തുന്ന കുട്ടികൾക്ക് പരിശീലന കാലയളവിൽ പ്രവേശ് ബാഡ്ജ്, പ്രഥമ ചരൺ, ദ്വിതീയ ചരൺ, തൃതീയ ചരൺ, ചതുർത്ഥ ചരൺ, ഗോൾഡൻ ആരോ തുടങ്ങിയ ബാഡ്ജുകൾ ലഭിക്കുന്നു. പരിശീലന കാലയളവിൽ തുല്യമായ ബാഡ്ജുകൾ ബുൾബുൾ വിഭാഗത്തിനും ലഭ്യമാണ്.

## വിലയിരുത്തൽ

കൃത്യമായ ഇടവേളകളിൽ നടത്തുന്ന ബാഡ്ജ് ടെസ്റ്റുകളിൽ വച്ച് പൂർണ്ണമായ വിലയിരുത്തൽ നടത്തുന്നു. പ്രാഥമിക വിലയിരുത്തൽ ആഴ്ചയിൽ നടത്തുന്ന പാക്ക് മീറ്റിംഗിൽ ആണ് ഉണ്ടാവുക.

## ചുമതല

കബ്ബ് മാസ്റ്റർ / ഫ്ലോക്ക് ലീഡർ, HM, PTA

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | സമയ പരിധി | ആവശ്യമായ സാമഗ്രികൾ | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | 2025-26 വർഷത്തെ പ്രവേശ് ബാഡ്ജ് & പ്രഥമ ചരൺ ടെസ്റ്റ് + unit camp. | June July 2025 August | | | | |
| 2 | ദ്വിതീയ ചരൺ Test | August September November | യൂണിഫോം | | HM | |
| 3 | World Scarf day Programme. | | ലോഗ്ബുക്ക് | | Staff | |
| 4 | പ്രകൃതിയെ അറിയാൻ മഴ നടത്തം. | നവംബർ ഡിസംബർ | [illegible] പുസ്തകം നോട്ട്ബുക്ക് | CM/FL | PTA SMC Parents | |
| 5. | തൃതീയ ചരൺ | മാർച്ച് ഏപ്രിൽ | പരിശീലന വസ്തുക്കൾ (കയർ, പന്ത് etc..) | | | |
| 6. | ജില്ലാ ക്യാമ്പ് ബുൾബുൾ ഉത്സവത്തിനുള്ള പരിശീലനം. | ഒക്ടോബർ നവംബർ | | | | |

# ബാലസഭ

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുക
- സഭാകമ്പം ഒഴിവാക്കുക.
- കലാപ്രകടനത്തിന് അവസരം നൽകുക
- കലാവാസന വർദ്ധിപ്പിക്കുക
- ഇംഗ്ലീഷ്, മലയാളം, അറബി, ഗോത്രകലകൾ, ഇടങ്ങിയ വിവിധ മേഖലകളിലെ കലാരൂപങ്ങൾ പരിചയപ്പെടുത്തുക.

| S/NO | Activity | Duration | ഭൗതിക സാഹചര്യം | പിന്തുണ |
|---|---|---|---|---|
| 1. | സ്കൂൾ തലം ബാലസഭ മലയാളം | വർഷം മുഴുവൻ | ഹാൾ മൈക്ക് | അധ്യാപകർ PTA |
| 2. | ബാലസഭ ഇംഗ്ലീഷ് | ,, | ,, | ,, |
| 3 | ഗോത്രബാലസഭ | ,, | ,, | ,, |

വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഈ പ്രവർത്തനത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പങ്കെടുക്കാൻ അവസരം നൽകുന്നു. കുട്ടികളെ ക്ലാസടിസ്ഥാനത്തിൽ അവരുടെ നിലവാരത്തിനും താല്പര്യത്തിനും അനുസരിച്ച് പരിശീലനം നൽകുന്നു. അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ നേതൃത്വം നൽകുന്നു. സ്ക്രീനിംഗിന് ശേഷം പരിപാടികൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. മാസത്തിൽ ഒരുതവണ ഇംഗ്ലീഷ്

ബാലസഭയ്ക്കും, ബാക്കിയുള്ള ബാലസഭകൾ മലയാളം, അറബി, ഗോത്രബാലസഭ, എന്നിവക്കായി നിജപ്പെടുത്തുന്നു

അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ പ്രോഗ്രാം ചാർട്ട് ചെയ്യലും അവതരിപ്പിക്കും റിപ്പോർട്ടിംഗും നടത്തുന്നു.

ചുമതല :

ഭാഷാക്ലബ്, അധ്യാപകർ, PTA, ഹെഡ്മാസ്റ്റർ

നടത്തിപ്പ് 2025-26

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 -26

## ജി. എൽ.പി. എന്ന്. പാലുക്കുന്ന്

## അറബിക്

പദ്ധതിയുടെ പേര്: അറബിക് പൂന്തോട്ടം

**ആമുഖം –**

നമ്മുടെ വിദ്യാലയങ്ങളിൽ മററു വിഷയങ്ങൾക്കൊപ്പം ഇഴചേർന്ന് അറബിഭാഷാ അധ്യായനവും മുന്നോട്ട് പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവു-മായ വസ്തുതയാണ്. ഭാഷാധ്യായന മേഖലയിൽ അക്കാദമിക് മാസ്റ്റർപ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏററവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുന്നതിനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുക എന്നത് . ഭാഷാപഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കാണെത്തുകയും അതിനുള്ള പ്രതിവിധികൾ ആരായുകായും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാകേണ്ടതാണ്

**ലക്ഷ്യങ്ങൾ:-**

1) അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതുവാനുമുള്ള കഴിവ്

2) ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദനിർമ്മാണം

3) ഉപചാരവാക്കുകൾ കേട്ട് പറയുന്നു, മനസിലാക്കുന്നു.

4) കവിത, കഥ കേട്ട് ആസ്വദിക്കുന്നതിന്

5) ദിനാചരണങ്ങൾ പരിചയപെടുത്തുന്നു.

**ഉപലക്ഷ്യങ്ങൾ**

1) എഴുത്തു രീതി

2) ചിഹ്നങ്ങൾ ചേർത്ത വായന

3) പദ നിർമ്മാണം

**ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ കാര്യങ്ങൾ**

1) അക്ഷര കാർഡുകൾ നൽകുന്നു

2) അക്ഷരങ്ങൾക്ക് നിറം നൽകാൻ

3) ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കൽ

4) എഴുതാൻ പരിശീലിപ്പിക്കുന്നു.

5) വിവര സങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നു.

**നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങ -ളുടെ സുക്ഷ്മാസുത്രണം**

1) അക്ഷരങ്ങൾ നൽകി കുടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് നോക്കുന്നു.

2) രക്ഷിതാവിൻ്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു.

3) അക്ഷര പഠന സഹായി ഉപയോഗിക്കുന്നു.

**ഓരോ ഘട്ടത്തിലേയും പ്രതീക്ഷിത തെളിവുകൾ :-**

1) കുട്ടികൾ വായിക്കുന്നു

2) ഉച്ചാരണ ശുദ്ധി ഉണ്ടാകുന്നു.

3) ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

**പൊതു സമൂഹത്തിൻറെ മുൻപിൽ പങ്കിടുന്ന രീതികൾ**

1. ക്ലാസ്സ് പി ടി എ
2. പഠനോത്സവം

നിർവ്വഹണ സമയം : ജൂൺ - മാർച്ച്

വിഷയം : അറബിക്ക് ഗവ.എൽ.പി.സ്കൂൾ പാലുകുന്ന്

ക്ലാസ് : I അധ്യാപകൻ : ജലീൽ. എം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ➢ അറബി ഭാഷയുമായി അടുപ്പം ഉണ്ടാക്കുകയും സംസാരിക്കാനുള്ള താൽപര്യം ഉണ്ടാക്കുകയും ചെയ്യുക<br>➢ അക്ഷര രൂപ വ്യത്യാസം മനസ്സിലാക്കുക<br>➢ തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനും എഴുതാനും ചെറിയ പദങ്ങൾ എഴുതാനുള്ള കഴിവും ഉണ്ടാക്കുക | • ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• അക്ഷര വായന<br>• ക്ലാസ് വായന<br>• വീട്ടു വായന<br>• ഇ വായന<br>• അക്ഷര കാർഡ്<br>• ലാംഗ്വേജ് ഗെയിംസ് | 2025 ജൂൺ - 2026 മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | അധ്യാപകർ<br>പി.ടി.എ |

വിഷയം : അറബിക്ക് ഗവ.എൽ.പി.സ്കൂൾ പാലുകുന്ന്

ക്ലാസ് : II അധ്യാപകൻ : ജലീൽ. എം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ➢ അറബി ഭാഷയുമായി അടുപ്പം ഉണ്ടാക്കുകയും സംസാരിക്കാനുള്ള താൽപര്യം ഉണ്ടാക്കുകയും ചെയ്യുക<br>➢ ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക<br>➢ തെറ്റ് കൂടാതെ വാക്യങ്ങൾ വായിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കുക | • ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• ക്ലാസ് വായന<br>• വീട്ടു വായന<br>• ഇ വായന്<br>• ലാംഗ്വേജ് ഗെയിംസ്<br>• പുതിയ പദങ്ങൾ<br>• വായന മത്സരം<br>• കാർട്ടൂൺ പ്രദർശനം<br>• ചിത്ര വായന<br>• ഇ ടെക്സ്റ്റ് ഉപയോഗം | 2025 ജൂൺ - 2026 മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | അധ്യാപകർ പി.ടി.എ |

വിഷയം : അറബിക്ക്  ഗവ.എൽ.പി.സ്കൂൾ പാലുകുന്ന്

ക്ലാസ് : III  അധ്യാപകൻ : ജലീൽ. എം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ➤ അറബി ഭാഷയുമായി അടുപ്പം ഉണ്ടാക്കുകയും സംസാരിക്കാനുള്ള താൽപര്യം ഉണ്ടാക്കുകയും ചെയ്യുക<br>➤ സ്വതന്ത്ര്യമായി വായിക്കാൻ പ്രാപ്തരാക്കുക<br>➤ വാക്യങ്ങൾ തെറ്റ് കൂടാതെ വായിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കുക | • ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• ക്ലാസ് വായന<br>• വീട്ടു വായന<br>• ഇ വായന<br>• ലാംഗ്വേജ് ഗെയിംസ്<br>• പുതിയ പദങ്ങൾ<br>• വായന മത്സരം<br>• കാർട്ടൂൺ പ്രദർശനം<br>• ചിത്ര വായന<br>• ഇ ടെക്സ്റ്റ് ഉപയോഗം | 2025 ജൂൺ - 2026 മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | അധ്യാപകർ പി.ടി.എ |

വിഷയം : അറബിക്ക് ഗവ.എൽ.പി.സ്കൂൾ പാലുകുന്ന്

ക്ലാസ് : IV അധ്യാപകൻ : ജലീൽ. എം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അറബി ഭാഷയുമായി അടുപ്പം ഉണ്ടാക്കുകയും സംസാരിക്കാനുള്ള താൽപര്യം ഉണ്ടാക്കുകയും ആശയ വിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുകയും ചെയ്യുക<br>• സ്വതന്ത്യമായി വായിക്കാൻ പ്രാപ്തരാക്കുക<br>• വാക്യങ്ങൾ തെറ്റ് കൂടാതെ വായിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കുക.<br>• പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക ( ഒരു ദിനം ഒരു അറിവ് പദ്ധതി ) | • ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• ക്ലാസ് വായന<br>• വീട്ടു വായന<br>• ഇ വായന<br>• ലാംഗ്വേജ് ഗെയിംസ്<br>• പുതിയ പദങ്ങൾ<br>• വായന മത്സരം<br>• കാർട്ടൂൺ പ്രദർശനം<br>• ചിത്ര വായന<br>• ഇ ടെക്സ്റ്റ് ഉപയോഗം<br>• അറബിക്ക് അസ്സംബ്ലി<br>• വാട്ട്സാപ്പ് ഗ്രൂപ്പിലൂടെ ചോദ്യവും ഉത്തരവും നൽകി അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് മത്സരം നടത്തുന്നു | 2025 ജൂൺ - 2026 മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | അധ്യാപകർ പി.ടി.എ |